പതിമൂന്നാം കേരള നിയമസഭ

ബിൽ നമ്പർ 201

# 2013-ലെ കേരള പഞ്ചായത്ത് രാജ് (ഭേദഗതി) ബിൽ

©
കേരള നിയമസഭാ സെക്രട്ടേറിയറ്റ്
2013

കേരള നിയമസഭാ പ്രിന്റിംഗ് പ്രസ്സ്.

പതിമൂന്നാം കേരള നിയമസഭ

ബിൽ നമ്പർ 201

# 2013-ലെ കേരള പഞ്ചായത്ത് രാജ് (ഭേദഗതി) ബിൽ

382/2013.

# 2013-ലെ കേരള പഞ്ചായത്ത് രാജ് (ഭേദഗതി) ബിൽ

1994-ലെ കേരള പഞ്ചായത്ത് രാജ് ആക്റ്റ് വീണ്ടും ഭേദഗതി ചെയ്യുന്നതിനുള്ള

ഒരു

ബിൽ

പീഠിക.—1994-ലെ കേരള പഞ്ചായത്ത് രാജ് ആക്റ്റ് ഇതിനുശേഷം കാണുന്ന ആവശ്യങ്ങൾക്കായി വീണ്ടും ഭേദഗതി ചെയ്യുന്നത് യുക്തമായിരിക്കുകയാൽ ;

ഭാരത റിപ്പബ്ലിക്കിന്റെ അറുപത്തിനാലാം സംവത്സരത്തിൽ താഴെപ്പറയും പ്രകാരം നിയമമുണ്ടാക്കുന്നു :—

1. ചുരുക്കപ്പേരും പ്രാരംഭവും.—(1) ഈ ആക്റ്റിന് 2013-ലെ കേരള പഞ്ചായത്ത് രാജ് (ഭേദഗതി) ആക്റ്റ് എന്ന് പേര് പറയാം.

(2) ഈ ആക്റ്റിലെ 2-ാം വകുപ്പ് 2010 നവംബർ 1-ാം തീയതി പ്രാബല്യത്തിൽ വന്നതായി കരുതപ്പെടേണ്ടതും ശേഷിക്കുന്ന വകുപ്പുകൾ 2012 നവംബർ 25-ാം തീയതി പ്രാബല്യത്തിൽ വന്നതായി കരുതപ്പെടേണ്ടതുമാണ്.

2. 35-ാം വകുപ്പിനുള്ള ഭേദഗതി.—1994-ലെ കേരള പഞ്ചായത്ത് രാജ് ആക്റ്റിലെ (1994-ലെ 13) (ഇതിനുശേഷം പ്രധാന ആക്റ്റ് എന്നാണ് പരാമർശിക്കപ്പെടുക) 35-ാം വകുപ്പ് (1)-ാം ഉപവകുപ്പിന്റെ (പി) ഖണ്ഡത്തിൽ, ''രണ്ടു തവണ'' എന്ന വാക്കുകൾക്കു പകരം "മൂന്നു തവണ" എന്ന വാക്കുകൾ ചേർക്കേണ്ടതാണ്.

3. 203-ാം വകുപ്പിനുള്ള ഭേദഗതി.—പ്രധാന ആക്റ്റിലെ 203-ാം വകുപ്പിൽ,—

(എ) (4)-ാം ഉപവകുപ്പിനുപകരം താഴെ പറയുന്ന ഉപവകുപ്പ് ചേർക്കേണ്ടതാണ്, അതായത്:—

"(4) (2)-ാം ഉപവകുപ്പുപ്രകാരം സർക്കാർ നിശ്ചയിക്കുന്ന അടിസ്ഥാന വസ്തുനികുതി നിരക്കുകളുടെ പരിധികൾക്കും, അവയ്ക്ക് വിധേയമായി (3)-ാം ഉപവകുപ്പുപ്രകാരം ഗ്രാമപഞ്ചായത്ത് ഒരിക്കൽ നിശ്ചയിക്കുന്ന അടിസ്ഥാന വസ്തുനികുതി നിരക്കുകൾക്കും, അവ പ്രാബല്യത്തിൽ വരുന്ന തീയതി മുതൽ അഞ്ചു വർഷക്കാലയളവിലേക്ക് പ്രാബല്യമുണ്ടായിരിക്കുന്നതും, തുടർന്ന് ഓരോ അഞ്ചു വർഷക്കാലയളവും പൂർത്തിയാകുന്ന മുറയ്ക്ക് അടുത്ത അഞ്ചുവർഷക്കാലയളവിലേക്ക് പ്രാബല്യത്തിൽ വരത്തക്കവിധം അടിസ്ഥാന വസ്തുനികുതി നിരക്കുകളുടെ ഏറ്റവും കുറഞ്ഞതും ഏറ്റവും കൂടിയതുമായ പരിധികളും, അടിസ്ഥാന വസ്തുനികുതി

നിരക്കുകളും യഥാക്രമം സർക്കാരും ഗ്രാമപഞ്ചായത്തും നിലവിലുള്ള പരിധികളുടെയും നിരക്കുകളുടെയും മേൽ, പരമാവധി മുപ്പത്തിയഞ്ച് ശതമാനം ഉപരി പരിധിക്ക് വിധേയമായി, കുറഞ്ഞത് ഇരുപത്തി അഞ്ച് ശതമാനം വർദ്ധനവ് വരുത്തി അഞ്ച് വർഷക്കാലാവധി അവസാനിക്കുന്നതിന് മുമ്പ് പുതുക്കി നിശ്ചയിക്കേണ്ടതുമാണ്. മേൽ പ്രസ്താവിച്ച പ്രകാരം നിരക്ക് പുതുക്കി നിശ്ചയിച്ചതനുസരിച്ച് നികുതി നിർണ്ണയം നടത്തുമ്പോൾ,—

(എ) പുതിയതും പുതുക്കിപ്പണിതതും ഉപയോഗക്രമത്തിൽ മാറ്റം വരുത്തിയതുമായ കെട്ടിടങ്ങളുടെ കാര്യത്തിൽ സെക്രട്ടറി, നിർണ്ണയിക്കപ്പെട്ട പ്രകാരം നികുതി നിശ്ചയിക്കേണ്ടതും തുടർനടപടി സ്വീകരിക്കേണ്ടതുമാണ് ;

(ബി) ഖണ്ഡം (എ)-യിൽ പറഞ്ഞ വിഭാഗത്തിൽപ്പെടാത്തതും, തറ വിസ്തീർണ്ണത്തിന്റെ അടിസ്ഥാനത്തിൽ ഒരിക്കൽ വാർഷിക വസ്തുനികുതി നിശ്ചയിച്ചതുമായ കെട്ടിടത്തിന്റെ കാര്യത്തിൽ, അടുത്തുവരുന്ന പഞ്ചവാർഷിക നികുതി പുതുക്കി നിശ്ചയിക്കലിനായി നിലവിലുള്ള വാർഷിക വസ്തുനികുതിയോടൊപ്പം ഇരുപത്തി അഞ്ച് ശതമാനം വർദ്ധനവ് വരുത്തി ഗ്രാമപഞ്ചായത്ത് നികുതി പുതുക്കി നിശ്ചയിക്കേണ്ടതും അതനുസരിച്ച് അടുത്ത അഞ്ച് വർഷത്തേക്കുള്ള ഡിമാന്റ് നോട്ടീസ് സെക്രട്ടറി കെട്ടിട ഉടമയ്ക്ക് നൽകേണ്ടതുമാകുന്നു :

എന്നാൽ, ഇപ്രകാരമുള്ള വാർഷിക വസ്തുനികുതി പുതുക്കി നിശ്ചയിക്കുമ്പോൾ (7)-ാം ഉപവകുപ്പ് പ്രകാരമുള്ള ഇളവുകളോ വർദ്ധനവുകളോ ബാധകമായിരിക്കുന്നതല്ല." ;

(ബി) (7)-ാം ഉപവകുപ്പിൽ, (iii), (vii), (ix) എന്നീ ഇനങ്ങൾ വിട്ടുകളയേണ്ടതാണ് ;

(സി) (9)-ാം ഉപവകുപ്പിന്റെ ക്ലിപ്ത നിബന്ധനയിൽ, ''കെട്ടിടത്തിന്റെ ചുമരിന്റെ നിർമ്മിതി" എന്ന വാക്കുകൾ വിട്ടുകളയേണ്ടതാണ് ;

(ഡി) (10)-ാം ഉപവകുപ്പിൽ, ''അറുപത് ദിവസത്തിനുള്ളിൽ'' എന്ന വാക്കുകൾക്കു പകരം "മുപ്പത് ദിവസത്തിനുള്ളിൽ" എന്ന വാക്കുകൾ ചേർക്കേണ്ടതാണ് ;

(ഇ) (12)-ാം ഉപവകുപ്പ് വിട്ടുകളയേണ്ടതാണ് ;

(എഫ്) (14)-ാം ഉപവകുപ്പ് വിട്ടുകളയേണ്ടതാണ് ;

(ജി) (19)-ാം ഉപവകുപ്പിൽ, (ii)-ാം ഇനത്തിനുപകരം താഴെപ്പറയുന്ന ഇനം ചേർക്കേണ്ടതാണ്, അതായത് :—

"(ii) വാർഷിക വസ്തുനികുതിയുടെ വർദ്ധനവിന്റെ ഏറ്റവും കുറഞ്ഞ പരിധിയും ഏറ്റവും കൂടിയ പരിധിയും നിശ്ചയിക്കൽ ;".

4. 207-ാം വകുപ്പിനുള്ള ഭേദഗതി.—പ്രധാന ആക്റ്റിലെ 207-ാം വകുപ്പിൽ, (ബി) ഖണ്ഡത്തിനുശേഷം താഴെപ്പറയുന്ന ഖണ്ഡം ചേർക്കേണ്ടതാണ്, അതായത്:—

''(ബിഎ) സർക്കാരിന്റെ അംഗീകാരം ഉള്ള വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ ഉടമസ്ഥതയിലുള്ളതും ഹയർ സെക്കൻഡറിതലം വരെയുള്ളതുമായ, വിദ്യാഭ്യാസ ആവശ്യങ്ങൾക്ക് മാത്രം ഉപയോഗിക്കുന്ന കെട്ടിടങ്ങളും, അത്തരം സ്ഥാപനങ്ങളിലെ വിദ്യാർത്ഥികൾ താമസിക്കുന്ന ഹോസ്റ്റൽ കെട്ടിടങ്ങളും;".

5. 232-ാം വകുപ്പിനുള്ള ഭേദഗതി.—പ്രധാന ആക്റ്റിലെ 232-ാം വകുപ്പിൽ, (1)-ാം ഉപവകുപ്പിനുശേഷം താഴെപ്പറയുന്ന ഉപവകുപ്പുകൾ ചേർക്കേണ്ടതാണ്, അതായത്:—

"(2) 1077-ലെ അബ്കാരി ആക്റ്റിലോ (1077-ലെ 1) തൽസമയം പ്രാബല്യത്തിലിരിക്കുന്ന മറ്റേതെങ്കിലും നിയമത്തിലോ എന്തുതന്നെ അടങ്ങിയിരുന്നാലും, ഗ്രാമപഞ്ചായത്തിന്റെ രേഖാമൂലമായ മുൻ അനുവാദത്തോടെയും, അനുവാദത്തിൽ നിർദ്ദേശിച്ചിട്ടുള്ള നിബന്ധനകൾക്ക് അനുസൃതമായും അല്ലാതെ, ഒരു ഗ്രാമപഞ്ചായത്ത് പ്രദേശത്തിനുള്ളിൽ യാതൊരാളും ഒരു അബ്കാരി ഷാപ്പ് സ്ഥാപിക്കുവാൻ പാടുള്ളതല്ല.

(3) വിദ്യാഭ്യാസ സ്ഥാപനത്തിന്റെയോ ആരാധനാസ്ഥലത്തിന്റെയോ അടുത്ത് ഒരു അബ്കാരി ഷാപ്പ് സ്ഥാപിക്കുന്നതിന് അനുവാദം നൽകുമ്പോൾ തൽസമയം പ്രാബല്യത്തിലുള്ള അബ്കാരി ആക്റ്റിലോ അതിൻകീഴിൽ ഉണ്ടാക്കിയിട്ടുള്ള ചട്ടങ്ങളിലോ നിർണ്ണയിച്ചിട്ടുള്ള ദൂരപരിധി പാലിക്കേണ്ടതും പ്രസ്തുത ദൂരപരിധിക്കുള്ളിൽ ഒരു അബ്കാരി ഷാപ്പ് സ്ഥാപിക്കുവാൻ ഗ്രാമപഞ്ചായത്ത് അനുവാദം നൽകാൻ പാടില്ലാത്തതും ആകുന്നു.

(4) പൊതുസമാധാനത്തിന്റെയോ സൻമാർഗ്ഗത്തിന്റെയോ താൽപ്പര്യത്തിലോ സൗകര്യമോ ശല്യമോ കാരണമായോ ഒരു അബ്കാരി ഷാപ്പ്, ഒരു സ്ഥലത്തുനിന്നും ഇതിനായി നിർദ്ദേശിക്കാവുന്ന പതിനഞ്ച് ദിവസത്തിൽ കവിയാത്ത സമയപരിധിക്കുള്ളിൽ മറ്റൊരു സ്ഥലത്തേക്ക് മാറ്റുവാനോ അടയ്ക്കുവാനോ ഉത്തരവ് നൽകുവാൻ ഒരു ഗ്രാമ പഞ്ചായത്തിന് അധികാരമുണ്ടായിരിക്കുന്നതാണ് .

(5) ഈ വകുപ്പിൽ എന്തുതന്നെ അടങ്ങിയിരുന്നാലും, (2) മുതൽ (4) വരെയുള്ള ഉപവകുപ്പുകളിലെ വ്യവസ്ഥകൾ 2012-ലെ കേരള പഞ്ചായത്ത് രാജ് (നാലാം ഭേദഗതി) ഓർഡിനൻസ് (2012-ലെ 63) പ്രാബല്യത്തിൽവന്ന 2012 നവംബർ 25-ാം തീയതി നിലവിലുള്ള യാതൊരു അബ്കാരി ഷാപ്പിനോ, നിലവിലുള്ള എല്ലാ നിയമ വ്യവസ്ഥകൾക്കും വിധേയമായി പ്രസ്തുത തീയതിയിൽ നിലവിലുള്ള കള്ളുഷാപ്പുകൾ അവ സ്ഥാപിക്കുവാനായി അനുവദിച്ചിട്ടുള്ള അതിരുകൾക്കുള്ളിലുള്ള പ്രദേശത്ത് മാറ്റി സ്ഥാപിക്കുന്നതിനോ ബാധകമായിരിക്കുന്നതല്ല.

വിശദീകരണം.—"അബ്കാരി ഷാപ്പ്" എന്നാൽ 1077-ലെ അബ്കാരി ആക്റ്റും അതിൻകീഴിൽ ഉണ്ടാക്കിയിട്ടുള്ള ചട്ടങ്ങളും പ്രകാരമുള്ള ഒരു കള്ളുഷാപ്പോ, ഒരു വിദേശ മദ്യഷാപ്പോ, ഒരു വിദേശമദ്യ ചില്ലറവിൽപ്പന സ്ഥാപനമോ, FL-9 ലൈസൻസുള്ള ഒരു സ്ഥാപനമോ അല്ലെങ്കിൽ ഒരു ബാർഹോട്ടലോ എന്നർത്ഥമാകുന്നു.".

6. 279-ാം വകുപ്പിനു ശേഷം പുതിയ വകുപ്പ് ചേർക്കൽ.—പ്രധാന ആക്റ്റിലെ 279-ാം വകുപ്പിനുശേഷം താഴെപ്പറയുന്ന വകുപ്പ് ചേർക്കേണ്ടതാണ്, അതായത്:—

"279എ. ലൈസൻസ് കൂടാതെ പുറമ്പോക്ക് കൈവശപ്പെടുത്തൽ.—(1) പഞ്ചായത്തിന്റെ വകയായതോ അതിൽ നിക്ഷിപ്തമായതോ അതിന്റെ നിയന്ത്രണത്തിലുള്ളതോ ആയ ഏതെങ്കിലും ഭൂമി, അതിന്റെ മുൻകൂട്ടിയുള്ള അനുമതി കൂടാതെ ആരെങ്കിലും കൈവശം വയ്ക്കുകയാണെങ്കിൽ, അങ്ങനെ കൈവശം വച്ചത് സംബന്ധിച്ച് അതാതുകാലങ്ങളിൽ പിഴ എന്ന നിലയിൽ പഞ്ചായത്ത് ആവശ്യപ്പെടുന്ന ഒരു തുക, നിർണ്ണയിക്കപ്പെടാവുന്ന പരിധികൾക്ക് വിധേയമായി, കൊടുക്കുവാൻ അങ്ങനെ ഭൂമി കൈവശം വച്ചിട്ടുള്ള ആൾ ബാധ്യസ്ഥനായിരിക്കുന്നതാണ് :

എന്നാൽ, ഈ ഉപവകുപ്പുപ്രകാരം ഒരാളോട് ഏതെങ്കിലും തുക ആവശ്യപ്പെടുന്നതിനുമുമ്പ്, അങ്ങനെ ആവശ്യപ്പെടുന്നതിനെതിരെ കാരണം ബോധിപ്പിക്കുവാൻ അയാൾക്ക് ഒരവസരം നൽകേണ്ടതാണ്.

(2) (1)-ാം ഉപവകുപ്പുപ്രകാരമുള്ള ഏതെങ്കിലും തുക കൊടുക്കുവാൻ ഒരാൾ വീഴ്ച വരുത്തുന്നപക്ഷം, സെക്രട്ടറിയുടെ അപേക്ഷയിന്മേൽ, പഞ്ചായത്ത് പ്രദേശത്തിനുമേൽ അധികാരിതയുള്ള മജിസ്ട്രേട്ടിന് ആ തുക കോടതി ചുമത്തിയ ഒരു പിഴ എന്നതുപോലെ അതേവിധത്തിൽ വസൂലാക്കാവുന്നതാണ്.

(3) (എ) ഏതെങ്കിലും ഭൂമി അനധികൃതമായി കൈവശം വയ്ക്കുകയും, അങ്ങനെ കൈവശം വച്ചത് സംബന്ധിച്ച് (1)-ാം ഉപവകുപ്പ് പ്രകാരം പിഴ കൊടുക്കാൻ ബാധ്യസ്ഥനായിരിക്കുകയും ചെയ്യുന്ന ഏതൊരാളെയും സെക്രട്ടറിക്ക് കൈയോടെ ഒഴിപ്പിക്കാവുന്നതും, ആ ഭൂമിയിൽ കൃഷി ചെയ്ത ഏതെങ്കിലും വിളയോ, മറ്റുല്പന്നമോ കണ്ടുകെട്ടലിന് വിധേയമാകുന്നതും അതിൽ ഉണ്ടാക്കിയ ഏതെങ്കിലും കെട്ടിടമോ, എടുപ്പോ അഥവാ നിക്ഷേപിക്കപ്പെട്ട ഏതെങ്കിലും സാധനമോ ന്യായമെന്ന് സെക്രട്ടറി കരുതുന്ന രേഖാമൂലമായ നോട്ടീസ് നൽകിയശേഷവും അയാൾ നീക്കം ചെയ്യാത്ത പക്ഷം കണ്ടുകെട്ടലിന് വിധേയമാകുന്നതും അപ്രകാരം കണ്ടുകെട്ടിയ ഏതൊരു വസ്തുവും പഞ്ചായത്ത് നിർദ്ദേശിക്കാവുന്ന നടപടിക്രമമനുസരിച്ച് കയ്യൊഴിയേണ്ടതുമാണ്.

(ബി) ഏതെങ്കിലും ഭൂമി അനധികൃതമായി കൈവശം വച്ചിരിക്കുന്ന ആൾക്കോ അയാളുടെ ഏജന്റിനോ നോട്ടീസ് ലഭിച്ചശേഷം ന്യായമെന്ന് സെക്രട്ടറി കരുതുന്ന സമയത്തിനുള്ളിൽ ഭൂമി ഒഴിഞ്ഞുകൊടുക്കണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് ഒരു നോട്ടീസ് അയയ്ക്കുകയും, അങ്ങനെയുള്ള നോട്ടീസ് അനുസരിച്ച് അയാൾ പ്രവർത്തിക്കാതിരിക്കുകയും ചെയ്യുന്നപക്ഷം, അത് ഒഴിഞ്ഞുകൊടുക്കുവാൻ വിസമ്മതിക്കുന്ന ഏത് ആളെയും നീക്കം ചെയ്യുകയോ അല്ലെങ്കിൽ നീക്കം ചെയ്യുവാൻ ഒരു കീഴുദ്യോഗസ്ഥനെ നിയോഗിക്കുകയോ ചെയ്യേണ്ടതും അങ്ങനെയുള്ള ഏതൊരാളെയും നീക്കം ചെയ്യുന്ന ഉദ്യോഗസ്ഥനെ ആരെങ്കിലും എതിർക്കുകയോ തടസ്സപ്പെടുത്തുകയോ ചെയ്യുകയാണെങ്കിൽ, സെക്രട്ടറിക്ക് ആ വസ്തുത കളക്ടർക്ക് റിപ്പോർട്ട് ചെയ്യാവുന്നതും, അങ്ങനെ ചെയ്താൽ കളക്ടർ ആ കേസ് സംബന്ധിച്ച് സമ്മറി എൻക്വയറി നടത്തേണ്ടതും എതിർപ്പോ, തടസ്സമോ തുടർന്നുകൊണ്ടിരിക്കുകയാണെന്ന് ബോധ്യമാകുന്നപക്ഷം, പ്രസ്തുത ആളെ അറസ്റ്റ് ചെയ്യുവാൻ ഒരു വാറണ്ട് പുറപ്പെടുവിക്കാവുന്നതും, അയാൾ ഹാജരാകുമ്പോൾ നിർണ്ണയിക്കപ്പെടാവുന്ന ഫാറത്തിലുള്ള ഒരു വാറണ്ടോടുകൂടി അയാളെ, അങ്ങനെയുള്ള തടസ്സമോ, എതിർപ്പോ തുടരുന്നത് തടയുവാൻ ആവശ്യമായേക്കാവുന്നതും മുപ്പതു ദിവസത്തിൽ കവിയാത്തതുമായ കാലത്തേക്ക് തടവുശിക്ഷയ്ക്കായി സിവിൽ ജയിലിൽ അയയ്ക്കാവുന്നതുമാണ് :

എന്നാൽ, ഈ വകുപ്പുപ്രകാരം അങ്ങനെ തടവുശിക്ഷയ്ക്ക് അയയ്ക്കപ്പെടുന്ന യാതൊരാളെയും അതേ വസ്തുതകൾ സംബന്ധിച്ച് 1860-ലെ ഇന്ത്യൻ ശിക്ഷാ നിയമ സംഹിതയിലെ (1860-ലെ 45-ാം കേന്ദ്ര ആക്റ്റ്), 183, 186, 188 എന്നീ വകുപ്പുകൾ പ്രകാരമുള്ള ശിക്ഷാ നടപടികൾക്ക് വിധേയനാക്കുവാൻ പാടില്ലാത്തതാണ്.".

7. റദ്ദാക്കലും ഒഴിവാക്കലും.—(1) 2013-ലെ കേരള പഞ്ചായത്ത് രാജ് (ഭേദഗതി) ഓർഡിനൻസ് (2013-ലെ 24), ഇതിനാൽ റദ്ദാക്കിയിരിക്കുന്നു.

(2) അങ്ങനെ റദ്ദാക്കിയിരുന്നാൽത്തന്നെയും, പ്രസ്തുത ഓർഡിനൻസ് പ്രകാരം ഭേദഗതി ചെയ്യപ്പെട്ട പ്രധാന ആക്റ്റിൻകീഴിൽ ചെയ്തതോ ചെയ്തതായി കരുതപ്പെടുന്നതോ ആയ ഏതെങ്കിലും കാര്യമോ എടുത്തതോ എടുത്തതായി കരുതപ്പെടുന്നതോ ആയ ഏതെങ്കിലും നടപടിയോ, ഈ ആക്റ്റ് പ്രകാരം ഭേദഗതി ചെയ്യപ്പെട്ട പ്രധാന ആക്റ്റിൻകീഴിൽ ചെയ്തതായോ എടുത്തതായോ കരുതപ്പെടേണ്ടതാണ്.

## ഉദ്ദേശ്യകാരണങ്ങളുടെ വിവരണം

2010 നവംബർ 1-നുശേഷം പുനർരൂപീകരിക്കപ്പെട്ട മിക്ക ഗ്രാമപഞ്ചായത്തുകളിലും, തെരഞ്ഞെടുപ്പു പെരുമാറ്റച്ചട്ടം നിലവിൽ വന്നാൽ ഗ്രാമസഭ വിളിച്ചു കൂട്ടരുത് എന്ന ധാരണ നിലനിന്നതിനാൽ 2011 ഫെബ്രുവരിക്കുശേഷം കൃത്യമായി ഗ്രാമസഭ വിളിച്ചുകൂട്ടുവാൻ കഴിഞ്ഞിട്ടില്ല. പഞ്ചായത്തിലേക്ക് തെരഞ്ഞെടുക്കപ്പെട്ട ഒരംഗം സമയപരിധിക്കുള്ളിൽ ഗ്രാമസഭ വിളിച്ചുകൂട്ടിയില്ല എന്ന കാരണത്താൽ 1994-ലെ കേരള പഞ്ചായത്ത് രാജ് ആക്റ്റിന്റെ 35-ാം വകുപ്പ് (1)-ാം ഉപവകുപ്പ് (പി) ഖണ്ഡപ്രകാരം ഒരംഗമായി ഉദ്യോഗത്തിൽ തുടരുവാൻ അർഹനല്ലാതായിത്തീരുന്നതാണ്. ആയതിനാൽ, അങ്ങനെയുണ്ടായേക്കാവുന്ന അയോഗ്യത ഒഴിവാക്കുന്നതിനായി അംഗങ്ങൾക്ക് നിയമപരമായ പരിരക്ഷ നൽകണമെന്ന് ഗ്രാമപഞ്ചായത്ത് അസോസിയേഷൻ സർക്കാരിനോട് അഭ്യർത്ഥിച്ചിരുന്നു. പൊതുതെരഞ്ഞെടുപ്പ് പ്രഖ്യാപിച്ചുകഴിഞ്ഞാൽ ഗ്രാമസഭ കൂടരുതെന്ന് നിയമത്തിൽ വ്യവസ്ഥ ചെയ്തിട്ടില്ലെങ്കിലും ഈ വിഷയത്തിൽ പ്രായോഗികത മുൻനിർത്തി പെരുമാറ്റചട്ടം നിലനിന്നിരുന്ന സമയത്ത് ഗ്രാമസഭായോഗം വിളിച്ചുകൂട്ടാതിരുന്ന പഞ്ചായത്തംഗങ്ങളെ പ്രസ്തുത ഖണ്ഡപ്രകാരം അയോഗ്യരാക്കുന്നതിൽനിന്നും ഒഴിവാക്കുന്നതിനുള്ള നിയമപരിരക്ഷ നൽകുന്നത് അഭികാമ്യമായിരിക്കും എന്ന് സർക്കാർ കരുതുന്നു.

2. മേൽപ്പറഞ്ഞ സാഹചര്യത്തിൽ, ഗ്രാമസഭ വിളിച്ചുകൂട്ടാൻ കഴിയാത്തതുമൂലം ഗ്രാമപഞ്ചായത്തംഗങ്ങൾക്ക് അംഗമായി തുടരാൻ ഉണ്ടായേക്കാവുന്ന അയോഗ്യത ഒഴിവാക്കുന്നതിനായി പ്രസ്തുത ആക്റ്റിന്റെ 35-ാം വകുപ്പ് (1)-ാം ഉപവകുപ്പിന്റെ (പി) ഖണ്ഡത്തിൽ 'രണ്ടുതവണ' എന്ന വാക്കുകൾക്ക് പകരം 'മൂന്നുതവണ' എന്ന വാക്കുകൾ ചേർത്ത് ഭേദഗതി ചെയ്യുവാനും പ്രസ്തുത ഭേദഗതിക്ക് ഇപ്പോൾ നിലവിലുള്ള പുനർരൂപീകരിക്കപ്പെട്ട ഗ്രാമപഞ്ചായത്തുകൾ നിലവിൽവന്ന 2010 നവംബർ 1-ാം തീയതി മുതൽ മുൻകാല പ്രാബല്യം നൽകുവാനും സർക്കാർ തീരുമാനിച്ചു.

3. സംസ്ഥാനത്ത് വസ്തുനികുതി പരിഷ്കരണം നടപ്പിലാക്കിയതിനെ തുടർന്ന് ജനങ്ങളിൽനിന്ന് ധാരാളം പരാതികൾ സർക്കാരിന് ലഭിച്ചിരുന്നു. കൂടാതെ വസ്തുനികുതി കാലോചിതമായി പരിഷ്കരിക്കാത്തതു കാരണം തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് വരുമാനനഷ്ടം ഉണ്ടാകുന്നതായും സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഈ വിഷയങ്ങളെല്ലാം മുൻനിർത്തി, വസ്തുനികുതി പരിഷ്ക്കരണം അഞ്ച് വർഷത്തിലൊരിക്കൽ പ്രാവർത്തികമാക്കുവാനും, സർക്കാരിന്റെ അംഗീകാരമുള്ള

ഹയർ സെക്കന്ററിതലം വരെയുള്ള വിദ്യാഭ്യാസ സ്ഥാപനങ്ങളെയും അവയിലെ വിദ്യാർത്ഥികൾ താമസിക്കുന്ന ഹോസ്റ്റൽ കെട്ടിടങ്ങളെയും വസ്തുനികുതിയിൽ നിന്നും ഒഴിവാക്കുവാനും ആവശ്യമായ വ്യവസ്ഥകൾ ചേർത്ത് കേരള പഞ്ചായത്ത് രാജ് ആക്റ്റിന്റെ 203, 207 എന്നീ വകുപ്പുകൾ ഉചിതമായി ഭേദഗതി ചെയ്യുവാൻ സർക്കാർ തീരുമാനിച്ചു.

4. കൂടാതെ, അബ്കാരി ഷാപ്പുകൾ സ്ഥാപിക്കുന്നതിന് ബന്ധപ്പെട്ട പഞ്ചായത്തിന്റെ മുൻകൂർ അനുവാദം നിർബന്ധമാക്കുന്നതിനും അങ്ങനെയുള്ള അനുവാദത്തിൽ പഞ്ചായത്ത് നിർദ്ദേശിക്കുന്ന നിബന്ധനകൾ, വിദ്യാഭ്യാസ സ്ഥാപനങ്ങളുടെയും ആരാധനാലയങ്ങളുടെയും കാര്യത്തിൽ അബ്കാരി ആക്റ്റിലും ചട്ടങ്ങളിലും നിർണ്ണയിച്ചിട്ടുള്ള ദൂരപരിധി എന്നിവ പാലിക്കപ്പെടുന്നതിനും ആവശ്യമായ വ്യവസ്ഥകൾ ആക്റ്റിൽ ചേർക്കേണ്ടതാണെന്ന് സർക്കാർ കരുതുന്നു. കൂടാതെ പൊതു താല്പര്യാർത്ഥം അബ്കാരി ഷാപ്പുകൾ മാറ്റി സ്ഥാപിക്കുവാനോ അടയ്ക്കുവാനോ ഗ്രാമപഞ്ചായത്തിന് അധികാരം നൽകിക്കൊണ്ടുള്ള വ്യവസ്ഥകൾ പ്രസ്തുത ആക്റ്റിൽ ചേർക്കുന്നതിനായി 232-ാം വകുപ്പ് ഭേദഗതി ചെയ്യുവാനും പഞ്ചായത്തിൽ നിക്ഷിപ്തമായ പുറമ്പോക്ക് ഭൂമിയുടെ നിയന്ത്രണം സംബന്ധിച്ചുള്ള വ്യവസ്ഥകൾ ചേർക്കുന്നതിനായി 279 എ ആയി ഒരു പുതിയ വകുപ്പ് ആക്റ്റിൽ ചേർക്കുവാനും സർക്കാർ തീരുമാനിച്ചു.

5. കേരള സംസ്ഥാന നിയമസഭ സമ്മേളനത്തിലല്ലാതിരുന്നതിനാലും പ്രസ്തുത നിർദ്ദേശങ്ങൾക്ക് ഉടൻ പ്രാബല്യം നൽകേണ്ടിയിരുന്നതിനാലും 2012-ലെ കേരള പഞ്ചായത്ത് രാജ് (മൂന്നാം ഭേദഗതി) ഓർഡിനൻസും (2012-ലെ 62), 2012-ലെ കേരള പഞ്ചായത്ത് രാജ് (നാലാം ഭേദഗതി) ഓർഡിനൻസും (2012-ലെ 63) 2012 നവംബർ 24-ാം തീയതി കേരള ഗവർണ്ണർ വിളംബരപ്പെടുത്തുകയും ആയത് യഥാക്രമം 2012 നവംബർ 25-ാം തീയതിയിലെ 1261-ഉം 1262-ഉം നമ്പർ കേരള അസാധാരണ ഗസറ്റിൽ പ്രസിദ്ധപ്പെടുത്തുകയും ചെയ്തു.

6. 2012 ഡിസംബർ 10-ാം തീയതി ആരംഭിച്ച് 2012 ഡിസംബർ 21-ാം തീയതി അവസാനിച്ച കേരള സംസ്ഥാന നിയമസഭയുടെ സമ്മേളനക്കാലത്ത് പ്രസ്തുത ഓർഡിനൻസുകൾക്കുപകരം സംസ്ഥാന നിയമസഭയുടെ ഒരു ആക്റ്റ് കൊണ്ടു വരുന്നതിനുള്ള ബില്ലുകൾ നിയമസഭയിൽ അവതരിപ്പിക്കുന്നതിനും പാസ്സാക്കുന്നതിനും കഴിഞ്ഞില്ല.

7. പ്രസ്തുത ഓർഡിനൻസുകളിലെ വ്യവസ്ഥകൾ നിലനിർത്തേണ്ടതിനാലും സംസ്ഥാന നിയമസഭ സമ്മേളനത്തിലല്ലാത്തതിനാലും 2013-ലെ കേരള പഞ്ചായത്ത് രാജ് (ഭേദഗതി) ഓർഡിനൻസും (2013-ലെ 8) 2013-ലെ കേരള പഞ്ചായത്ത് രാജ് (രണ്ടാം ഭേദഗതി) ഓർഡിനൻസും (2013-ലെ 9) 2013 ജനുവരി 9-ാം തീയതി കേരള ഗവർണ്ണർ വിളംബരപ്പെടുത്തുകയും ആയത് 2013 ജനുവരി 10-ാം തീയതിയിലെ യഥാക്രമം 102-ഉം 103-ഉം നമ്പർ കേരള അസാധാരണ ഗസറ്റിൽ പ്രസിദ്ധപ്പെടുത്തുകയും ചെയ്തു.

8. 2013 ഫെബ്രുവരി 1-ാം തീയതി ആരംഭിച്ച് 2013 ഫെബ്രുവരി 19-ാം തീയതി അവസാനിച്ച കേരള സംസ്ഥാന നിയമസഭയുടെ സമ്മേളനകാലത്ത് പ്രസ്തുത ഓർഡിനൻസുകൾക്ക് പകരം സംസ്ഥാന നിയമസഭയുടെ ഒരു ആക്റ്റ് കൊണ്ടുവരുന്ന തിനുള്ള ബില്ലുകൾ നിയമസഭയിൽ അവതരിപ്പിക്കുന്നതിനും പാസ്സാക്കുന്നതിനും കഴിഞ്ഞില്ല.

9. പ്രസ്തുത ഓർഡിനൻസുകളിലെ വ്യവസ്ഥകൾ നിലനിർത്തേണ്ടതിനാലും സംസ്ഥാന നിയമസഭ സമ്മേളനത്തിലല്ലാത്തതിനാലും 2013-ലെ കേരള പഞ്ചായത്ത് രാജ് (ഭേദഗതി) ഓർഡിനൻസ് (2013-ലെ 24) 2013 ഫെബ്രുവരി 26-ാം തീയതി കേരള ഗവർണ്ണർ വിളംബരപ്പെടുത്തുകയും ആയത് 2013 ഫെബ്രുവരി 27-ാം തീയതിയിലെ 563-ാം നമ്പർ കേരള അസാധാരണ ഗസറ്റിൽ പ്രസിദ്ധീകരിക്കുകയും ചെയ്തു.

10. 2013-ലെ 24-ാം നമ്പർ ഓർഡിനൻസിനുപകരം സംസ്ഥാന നിയമസഭയുടെ ഒരു ആക്റ്റ് കൊണ്ടുവരുന്നതിന് ഉദ്ദേശിച്ചുകൊണ്ടുള്ളതാണ് ഈ ബിൽ.

## ധനകാര്യമെമ്മോറാണ്ടം

ഈ ബിൽ നിയമമാക്കുകയും പ്രാബല്യത്തിൽ കൊണ്ടുവരികയും ചെയ്താൽ സംസ്ഥാന സഞ്ചിതനിധിയിൽനിന്നും യാതൊരു അധിക ചെലവും ഉണ്ടാകുന്നതല്ല.

## ഏൽപ്പിച്ചുകൊടുത്ത നിയമനിർമ്മാണാധികാരം സംബന്ധിച്ച മെമ്മോറാണ്ടം

അടിസ്ഥാന വസ്തുനികുതി പുതുക്കി നിശ്ചയിക്കുമ്പോൾ പുതിയതും പുതുക്കി പണിതതും ഉപയോഗക്രമത്തിൽ മാറ്റം വരുത്തിയതുമായ കെട്ടിടങ്ങളുടെ കാര്യത്തിൽ സെക്രട്ടറി നികുതി നിശ്ചയിക്കേണ്ട രീതി നിശ്ചയിച്ചുകൊണ്ട് ചട്ടങ്ങളുണ്ടാക്കുവാൻ സർക്കാരിനെ അധികാരപ്പെടുത്താൻ ബില്ലിലെ 3-ാം ഖണ്ഡപ്രകാരം ചേർക്കുവാൻ ഉദ്ദേശിക്കുന്ന 203-ാം വകുപ്പ് (4)-ാം ഉപവകുപ്പ് (എ) ഖണ്ഡം വ്യവസ്ഥ ചെയ്യുന്നു.

2. പഞ്ചായത്തിന്റെ വകയായതോ, അതിൽ നിക്ഷിപ്തമായതോ, നിയന്ത്രണത്തിലുള്ളതോ ആയ ഏതെങ്കിലും ഭൂമി, അതിന്റെ മുൻകൂട്ടിയുള്ള അനുമതി കൂടാതെ ആരെങ്കിലും കൈവശം വയ്ക്കുകയാണെങ്കിൽ, അങ്ങനെ കൈവശം വച്ചത് സംബന്ധിച്ച് അതതുകാലങ്ങളിൽ പിഴയെന്ന നിലയിൽ പഞ്ചായത്തിന് ആവശ്യപ്പെടാവുന്ന തുകയുടെ പരിധി നിശ്ചയിച്ചുകൊണ്ട് ചട്ടങ്ങൾ ഉണ്ടാക്കുവാൻ സർക്കാരിനെ അധികാരപ്പെടുത്തുവാൻ ബില്ലിലെ 6-ാം ഖണ്ഡപ്രകാരം ചേർക്കുവാൻ ഉദ്ദേശിക്കുന്ന 279 എ വകുപ്പ് (1)-ാം ഉപവകുപ്പ് വ്യവസ്ഥ ചെയ്യുന്നു.

3. ഏതെങ്കിലും ഭൂമി, അനധികൃതമായി കൈവശം വച്ചിരിക്കുന്നത് ഒഴിഞ്ഞു കൊടുക്കേണ്ടതാണെന്ന് ആവശ്യപ്പെട്ട് നോട്ടീസ് കിട്ടിയശേഷവും അത് ഒഴിഞ്ഞു കൊടുക്കാതെ എതിർപ്പോ തടസ്സമോ തുടർന്നുകൊണ്ടിരിക്കുകയാണെന്ന് കളക്ടർക്ക് ബോധ്യമാകുന്നപക്ഷം, അങ്ങനെയുള്ള ആളെ അറസ്റ്റ് ചെയ്ത് സിവിൽ ജയിലിൽ അയയ്ക്കുന്നതിനുള്ള വാറണ്ടിന്റെ ഫാറം നിശ്ചയിച്ചുകൊണ്ട് ചട്ടങ്ങൾ ഉണ്ടാക്കുവാൻ സർക്കാരിനെ അധികാരപ്പെടുത്തുവാൻ ബില്ലിലെ 6-ാം ഖണ്ഡപ്രകാരം ചേർക്കുവാൻ ഉദ്ദേശിക്കുന്ന 279 എ വകുപ്പ് (3)-ാം ഉപവകുപ്പിന്റെ (ബി) ഖണ്ഡം വ്യവസ്ഥ ചെയ്യുന്നു.

4. ഏതു കാര്യങ്ങളെ സംബന്ധിച്ചാണോ ചട്ടങ്ങൾ ഉണ്ടാക്കാവുന്നത് അവ നടപടിക്രമം സംബന്ധിച്ചവയും സാധാരണമോ ഭരണപരമോ ആയ സ്വഭാവത്തോടു കൂടിയതും ആകുന്നു. മാത്രമല്ല, ചട്ടങ്ങൾ ഉണ്ടാക്കിയശേഷം അവ നിയമസഭയുടെ സൂക്ഷ്മ പരിശോധനയ്ക്ക് വിധേയവുമാണ്. ഏൽപ്പിച്ചുകൊടുത്ത നിയമനിർമ്മാണാധികാരം, അതിനാൽ, സാധാരണ സ്വഭാവത്തോടുകൂടിയതാണ്.

ഡോ. എം. കെ. മുനീർ

## 1994-ലെ കേരള പഞ്ചായത്ത് രാജ് ആക്റ്റിൽ (1994-ലെ 13) നിന്നുള്ള പ്രസക്തഭാഗങ്ങൾ

** ** **

35. അംഗങ്ങളുടെ അയോഗ്യതകൾ.—(1) 36-ാം വകുപ്പിലേയോ അല്ലെങ്കിൽ 102-ാം വകുപ്പിലെയോ വ്യവസ്ഥകൾക്ക് വിധേയമായി, ഒരാൾ,—

(എ) 34-ാം വകുപ്പ് (1)-ാം ഉപവകുപ്പ് (ബി) ഖണ്ഡത്തിൽ വിവരിച്ചപ്രകാരം കുറ്റക്കാരനാണെന്ന് കാണുകയോ അപ്രകാരമുള്ള കുറ്റത്തിന് വിധിക്കപ്പെട്ടിരിക്കുകയോ, അഥവാ

** ** **

** ** **

** ** **

(പി) താൻ കൺവീനറായിരിക്കുന്ന ഗ്രാമസഭയുടെ യോഗം മൂന്നുമാസത്തിലൊരിക്കൽ വിളിച്ചുകൂട്ടുന്നതിൽ തുടർച്ചയായി രണ്ടുതവണ വീഴ്ച വരുത്തുകയോ;

അഥവാ

** ** **

203. വസ്തുനികുതി.—(1) ഏതൊരു ഗ്രാമപഞ്ചായത്തും അതത് ഗ്രാമപഞ്ചായത്ത് പ്രദേശത്തുള്ളതും ഈ ആക്റ്റിലെ വ്യവസ്ഥകൾ പ്രകാരം ഒഴിവാക്കപ്പെട്ടിട്ടില്ലാത്തതുമായ ഓരോ കെട്ടിടത്തിനും (അതിനോട് ചേർന്നുകിടക്കുന്ന സ്ഥലത്തിനുൾപ്പെടെ) ആക്റ്റിലെ വ്യവസ്ഥകൾക്കും നിർണ്ണയിക്കപ്പെട്ടേക്കാവുന്ന ചട്ടങ്ങൾക്കും അനുസൃതമായി വസ്തുനികുതി ചുമത്തേണ്ടതാണ്.

(2) ** ** **

(3) ** ** **

(4) (2)-ാം ഉപവകുപ്പുപ്രകാരം സർക്കാർ നിശ്ചയിക്കുന്ന അടിസ്ഥാന വസ്തുനികുതി നിരക്കുകളുടെ പരിധികൾക്കും, അവയ്ക്ക് വിധേയമായി (3)-ാം ഉപവകുപ്പ് പ്രകാരം ഗ്രാമപഞ്ചായത്ത് നിശ്ചയിക്കുന്ന അടിസ്ഥാന വസ്തുനികുതി നിരക്കുകൾക്കും അവ പ്രാബല്യത്തിൽ വരുന്ന തീയതിമുതൽ അഞ്ച് വർഷക്കാലയളവിലേക്ക് പ്രാബല്യമുണ്ടായിരിക്കുന്നതും, തുടർന്ന് ഓരോ അഞ്ച് വർഷക്കാലയളവും പൂർത്തിയാകുന്ന മുറയ്ക്ക് അടുത്ത അഞ്ച് വർഷക്കാലയളവിലേക്ക് പ്രാബല്യത്തിൽ വരത്തക്കവിധം അടിസ്ഥാന വസ്തു നികുതി നിരക്കുകളുടെ പരിധികളും അടിസ്ഥാന വസ്തു നികുതി നിരക്കുകളും യഥാക്രമം സർക്കാരും ഗ്രാമപഞ്ചായത്തും കാലാവധി അവസാനിക്കുന്നതിനുമുമ്പ് പുതുക്കി നിശ്ചയിക്കേണ്ടതുമാണ്. അപ്രകാരം നിരക്ക് പുതുക്കി നിശ്ചയിക്കുന്നതിനനുസരിച്ച് നടപടിക്രമം പൂർത്തിയാക്കി ഓരോ കെട്ടിടത്തിന്റെയും വസ്തുനികുതി സെക്രട്ടറി കാലാവധി അവസാനിക്കുന്നതിനുമുമ്പ് പുതുക്കി നിശ്ചയിക്കേണ്ടതാണ്.

(5) (3)-ാം ഉപവകുപ്പ് പ്രകാരം ഗ്രാമ പഞ്ചായത്ത് ആദ്യമായി നിശ്ചയിക്കുന്ന അടിസ്ഥാന വസ്തുനികുതി നിരക്കുകൾ സർക്കാർ വിജ്ഞാപനംമൂലം ഇതിലേക്കായി നിശ്ചയിക്കുന്ന തീയതിമുതൽ പ്രാബല്യത്തിൽ വരുന്നതാണ്.

(6) ഒരു കെട്ടിടത്തിന്റെ തറവിസ്തീർണ്ണത്തെ പ്രസ്തുത കെട്ടിടത്തിന് ബാധകമായ വസ്തുനികുതി നിരക്കുകൊണ്ട് ഗുണിച്ചുകിട്ടുന്ന തുക, അതിന്റെ തൊട്ടടുത്ത ഉയർന്ന പൂർണ്ണ സംഖ്യയിലേക്ക് ക്രമീകരിച്ച പ്രകാരം ആ കെട്ടിടത്തിന്റെ അടിസ്ഥാന വസ്തുനികുതിയായിരിക്കുന്നതാണ്.

(7) (6)-ാം ഉപവകുപ്പുപ്രകാരം കണക്കാക്കിയ കെട്ടിടത്തിന്റെ അടിസ്ഥാന വസ്തുനികുതിയിൽ,—

(i) ഗ്രാമപഞ്ചായത്ത് പ്രദേശം വ്യത്യസ്ത മേഖലകളായി തരംതിരിക്കപ്പെട്ടതിൽ, കെട്ടിടം സ്ഥിതിചെയ്യുന്ന സ്ഥലം ഉൾപ്പെട്ട മേഖല;

(ii) കെട്ടിടത്തിലേക്കുള്ള വഴി സൗകര്യത്തിന്റെ ലഭ്യത;

(iii) കെട്ടിടത്തിന്റെ തറവിസ്തീർണ്ണത്തിന്റെ ഏറ്റക്കുറച്ചിൽ;

(iv) കെട്ടിടത്തിന്റെ മേൽക്കൂരയുടെ നിർമ്മിതി;

(v) കെട്ടിടത്തിന്റെ കാലപ്പഴക്കം;

(vi) കെട്ടിടത്തിന്റെ തറയുടെ നിർമ്മിതി;

(vii) കെട്ടിടത്തിന്റെ ചുമരിന്റെ നിർമ്മിതി;

(viii) കെട്ടിടത്തിലെ എയർ കണ്ടീഷനിംഗ് സൗകര്യം;

(ix) കെട്ടിടത്തിന്റെ ഉപയോഗത്തിന്റെ സ്വഭാവം,

(അതായത്, സ്വന്തം ആവശ്യത്തിന് ഉപയോഗിക്കുന്നത്, വാടകയ്ക്ക് കൊടുത്തിരിക്കുന്നത് എന്നിങ്ങനെ)—

എന്നീ ഘടകങ്ങളുടെ അടിസ്ഥാനത്തിൽ, ഓരോ ഘടകത്തിന് ചട്ടങ്ങളിൽ നിർദ്ദേശിക്കുന്ന തരംതിരിവ് അനുസരിച്ചും ഓരോ തരത്തിനും നിശ്ചയിക്കുന്ന നിരക്കിലും സെക്രട്ടറി, അതത് സംഗതിപോലെ ഇളവുകൾ അനുവദിക്കുകയും വർദ്ധനവുകൾ വരുത്തുകയും ചെയ്യേണ്ടതാണ്:

എന്നാൽ, എല്ലാ ഇനങ്ങളിലുമായി അപ്രകാരം അനുവദിക്കാവുന്ന ആകെ ഇളവ് അടിസ്ഥാന വസ്തുനികുതിയുടെ എഴുപത്തിയഞ്ച് ശതമാനത്തിൽ അധികരിക്കുവാൻ പാടുള്ളതല്ല.

(8) ** ** **

(9) ഒരു കെട്ടിടത്തിന്റെ കാര്യത്തിൽ, (2)-ാം ഉപവകുപ്പിൽ പരാമർശിക്കുന്ന രണ്ടോ അതിലധികമോ ഉപയോഗങ്ങളോ അതിന്റെ ഉപവിഭാഗങ്ങളോ, (7)-ാം ഉപവകുപ്പിൽ പരാമർശിക്കുന്ന ഏതെങ്കിലും രണ്ടോ അതിലധികമോ ഘടകങ്ങളോ, ഒരു ഘടകത്തിന്റെ രണ്ടോ അതിലധികമോ തരങ്ങളോ ഒരേ സമയം ബാധകമാകുന്നപക്ഷം, പ്രസ്തുത കെട്ടിടത്തിന്റെ അതത് ഭാഗത്തിന് ബാധകമായ രീതിയിൽ വസ്തു നികുതി വെവ്വേറെ കണക്കാക്കി ആ കെട്ടിടത്തിന്റെ മൊത്തം വാർഷിക വസ്തു നികുതി തിട്ടപ്പെടുത്തേണ്ടതാണ്:

എന്നാൽ, കെട്ടിടത്തിന്റെ മേൽക്കൂരയുടെ നിർമ്മിതി, കെട്ടിടത്തിന്റെ തറയുടെ നിർമ്മിതി, കെട്ടിടത്തിന്റെ ചുമരിന്റെ നിർമ്മിതി എന്നീ ഘടകങ്ങളിൽ ഏതെങ്കിലും ഒരു ഘടകത്തിന്റെ ഒന്നിലധികം തരങ്ങൾ ഒരു കെട്ടിടത്തിന് ഒരേസമയം ബാധകമാകുന്ന പക്ഷം, പ്രസ്തുത കെട്ടിടത്തിന്റെ ആകെ തറവിസ്തീർണ്ണത്തിന്റെ പകുതിയിലധികം ഭാഗത്തിന് ബാധകമാകുന്നതരത്തെ അടിസ്ഥാനമാക്കി കെട്ടിടത്തിന്റെ വാർഷിക വസ്തു നികുതി തിട്ടപ്പെടുത്തേണ്ടതാണ്.

(10) ഗ്രാമപഞ്ചായത്ത് പ്രദേശത്ത് ബാധകമായ അടിസ്ഥാന വസ്തുനികുതി നിരക്കുകളും, ഗ്രാമപഞ്ചായത്ത് പ്രദേശത്ത് വിവിധ മേഖലകളായി തരംതിരിച്ചുകൊണ്ടുള്ള വിജ്ഞാപനവും പ്രസിദ്ധപ്പെടുത്തിയശേഷം, അപ്രകാരമുള്ള വിവരങ്ങളും കെട്ടിടത്തിന്റെ തറവിസ്തീർണ്ണവും അടിസ്ഥാന വസ്തുനികുതിയിൽ അനുവദിക്കപ്പെടാവുന്ന ഇളവുകളും വരുത്താവുന്ന വർദ്ധനവുകളും അനുസരിച്ച് കെട്ടിട ഉടമകൾക്ക് അവരവരുടെ കെട്ടിടത്തിന്റെ വാർഷിക വസ്തുനികുതി സ്വയംനിർണ്ണയിക്കാൻ സഹായകമായ പൊതുവിവരങ്ങൾ, സെക്രട്ടറി ഒരു പൊതു നോട്ടീസ് മുഖേന പ്രസിദ്ധപ്പെടുത്തേണ്ടതും അപ്രകാരം പൊതുനോട്ടീസ് പ്രസിദ്ധപ്പെടുത്തുന്ന തീയതി മുതൽ അറുപത് ദിവസത്തിനുള്ളിൽ നിർണ്ണയിക്കപ്പെട്ട ഫാറത്തിൽ വസ്തുനികുതി സംബന്ധമായ റിട്ടേൺ സമർപ്പിക്കാൻ കെട്ടിട ഉടമകളോട് പ്രസ്തുത നോട്ടീസ് പ്രകാരം ആവശ്യപ്പെടേണ്ടതുമാണ്. ഫാറത്തിന്റെ മാതൃക/പകർപ്പ് കെട്ടിട ഉടമകൾക്ക് ഗ്രാമപഞ്ചായത്ത് സൗജന്യമായി ലഭ്യമാക്കേണ്ടതാണ്.

(11) ** ** **

(12) കെട്ടിട ഉടമ അല്ലെങ്കിൽ അധികാരപ്പെടുത്തിയ ആൾ സമർപ്പിക്കുന്ന നികുതി റിട്ടേണിൽ വാസ്തവ വിരുദ്ധമായതോ തെറ്റിദ്ധരിക്കപ്പെടുന്നതോ ആയ വിവരങ്ങൾ നൽകിയതായോ റിട്ടേൺ നിശ്ചിത സമയത്തിനകം നൽകാതിരുന്നതായോ സെക്രട്ടറിയുടെ അന്വേഷണത്തിൽ കണ്ടെത്തിയാൽ കെട്ടിടത്തിന് നിയമപ്രകാരം യഥാർത്ഥത്തിൽ ഒടുക്കേണ്ടതായ വസ്തുനികുതിക്ക് പുറമേ നിർണ്ണയിക്കപ്പെട്ട പ്രകാരമുള്ള പിഴകൂടി നൽകാൻ കെട്ടിട ഉടമ ബാദ്ധ്യസ്ഥനായിരിക്കുന്നതാണ്.

(13) ** ** **

(14) കെട്ടിട ഉടമ നൽകിയ നികുതി റിട്ടേണിന്റെ അടിസ്ഥാനത്തിൽ സെക്രട്ടറിക്ക് കെട്ടിടത്തിന്റെ വാർഷിക വസ്തുനികുതി താൽക്കാലികമായി തിട്ടപ്പെടുത്താവുന്നതും, അപ്രകാരം ഡിമാന്റ് നോട്ടീസ് നൽകി നികുതി ചുമത്താവുന്നതും, തുടർന്ന് കെട്ടിടത്തെ സംബന്ധിച്ച് അന്വേഷണം നടത്തിയശേഷം, നേരത്തെ തിട്ടപ്പെടുത്തിയ നികുതി സ്ഥിരപ്പെടുത്തുകയോ ഭേദഗതി ചെയ്യുകയോ ചെയ്യാവുന്നതുമാണ്. കെട്ടിടത്തെ സംബന്ധിച്ച് സെക്രട്ടറി അന്വേഷണം നടത്തി അതിന്റെ വസ്തുനികുതി നിർണ്ണയിക്കുന്നതുവരെ നികുതി നിർണ്ണയം താൽക്കാലികമായിരിക്കുന്നതുമാണ്.

(15) ** ** **

(16) ** ** **

(17) ** ** **

(18) ** ** **

(19) സർക്കാരിന് ഗസറ്റ് വിജ്ഞാപനം മുഖേന, താഴെപ്പറയുന്നവ സംബന്ധിച്ച ചട്ടങ്ങൾ ഉണ്ടാക്കാവുന്നതാണ് :—

(i) സർക്കാർ നിശ്ചയിക്കുന്ന പരിധികൾക്ക് വിധേയമായി ഗ്രാമപഞ്ചായത്തിൽ ബാധകമാക്കേണ്ട അടിസ്ഥാന വസ്തുനികുതി നിരക്കുകൾ നിശ്ചയിക്കുന്നതിനും അവ പ്രസിദ്ധപ്പെടുത്തുന്നതിനും ഗ്രാമപഞ്ചായത്ത് സ്വീകരിക്കേണ്ട നടപടിക്രമം ;

(ii) വാർഷിക വസ്തുനികുതി വർദ്ധനവിനുപരി പരിധി നിശ്ചയിക്കൽ ;

** ** ** **

207. നികുതി, ഉപനികുതി മുതലായവയിൽനിന്ന് ഒഴിവാക്കൽ.—(1) താഴെ പറയുന്ന കെട്ടിടങ്ങളെയും ഭൂമികളെയും 203-ാം വകുപ്പുപ്രകാരം ചുമത്താവുന്ന വസ്തു നികുതിയിൽനിന്നും 200-ാം വകുപ്പ് (2)-ാം ഉപവകുപ്പുപ്രകാരം ചുമത്താവുന്ന സേവന ഉപനികുതിയിൽനിന്നും ഒഴിവാക്കേണ്ടതാണ്, അതായത്.—

(എ) ** ** ** **

(ബി) സർക്കാർ വകയോ എയ്ഡഡോ, സർക്കാരിന്റെ ധനസഹായ ത്തോടെ പ്രവർത്തിക്കുന്നതോ ആയ വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ ഉടമസ്ഥതയിലുള്ള വിദ്യാഭ്യാസ ആവശ്യങ്ങൾക്ക് അല്ലെങ്കിൽ അനുബന്ധ ആവശ്യങ്ങൾക്ക് മാത്രം ഉപയോഗിക്കുന്ന കെട്ടിടങ്ങളും പ്രസ്തുത സ്ഥാപനത്തിലെ വിദ്യാർത്ഥികൾ താമസിക്കുന്നതുമായ ഹോസ്റ്റൽ കെട്ടിടങ്ങളും ;

** ** ** **

232. ലൈസൻസ് കൂടാതെ ഏതാവശ്യത്തിനും സ്ഥലങ്ങൾ ഉപയോഗിക്കാൻ പാടില്ലെന്ന്.—(1) ഗ്രാമപഞ്ചായത്തിന്, ഇതിലേക്കുള്ള ചട്ടങ്ങളിലെ നിർദ്ദേശിച്ചിട്ടുള്ളവയും, സർക്കാരിന്റെ അഭിപ്രായത്തിൽ മനുഷ്യന്റെ ജീവനോ ആരോഗ്യത്തിനോ വസ്തു വകകൾക്കോ അപകടകരമോ അസഹ്യതയുണ്ടാക്കുന്നതോ ആയേക്കാനിടയുള്ളവയുമായ എന്തെങ്കിലും കാര്യങ്ങൾക്ക് സെക്രട്ടറി നൽകുന്ന ഒരു ലൈസൻസ് കൂടാതെയും ആ ലൈസൻസിൽ പറഞ്ഞിട്ടുള്ള നിബന്ധനകൾക്കനുസരണമല്ലാതെയും പഞ്ചായത്ത് പ്രദേശത്തുള്ള യാതൊരു സ്ഥലവും ഉപയോഗിക്കാൻ പാടില്ലെന്ന് പരസ്യം ചെയ്യാവുന്നതാണ് :

എന്നാൽ, അപ്രകാരമുള്ള യാതൊരു പരസ്യവും അതിന്റെ പ്രസിദ്ധീകരണത്തീയതി മുതൽ 30 ദിവസം കഴിയുന്നതുവരെ പ്രാബല്യത്തിൽ വരാൻ പാടില്ലാത്തതാകുന്നു .

*** *** ***

279. ചില പുറമ്പോക്കുകളുടെ ഉപയോഗം ഗ്രാമപഞ്ചായത്ത് നിയന്ത്രിക്കണമെന്ന്.—(1) നിർണ്ണയിക്കപ്പെടാവുന്ന പരിമിതകൾക്കും നിയന്ത്രണത്തിനും വിധേയമായി ഗ്രാമ പഞ്ചായത്തിന്, സർക്കാരിന്റെ അധീനതയിലുള്ള മേച്ചിൽ സ്ഥലങ്ങൾ, ശവം മറവു ചെയ്യുകയും ദഹിപ്പിക്കുകയും ചെയ്യുന്നതിനുള്ള സ്ഥലങ്ങൾ, വണ്ടിത്താവളങ്ങൾ തുടങ്ങി സമൂഹത്തിന്റെ പൊതു ഉപയോഗത്തിന് നീക്കിവച്ചിട്ടുള്ള ഭൂമിയുടെ ഉപയോഗം നിയന്ത്രിക്കാൻ അധികാരമുണ്ടായിരിക്കുന്നതാണ്.

(2) ഗ്രാമപഞ്ചായത്തുമായി ആലോചിച്ചശേഷം വിജ്ഞാപനംമൂലം, സർക്കാരിനോ അവർ അധികാരപ്പെടുത്തിയ ഏതെങ്കിലും ഉദ്യോഗസ്ഥനോ, (1)-ാം ഉപവകുപ്പിൽ പറയുന്ന ഏതെങ്കിലും പുറമ്പോക്കിനെ ഈ ആക്റ്റിന്റെ പരിധിയിൽ നിന്ന് ഒഴിവാക്കാവുന്നതും അപ്രകാരമുള്ള വിജ്ഞാപനം ഭേദഗതി ചെയ്യുകയോ റദ്ദാക്കുകയോ ചെയ്യാവുന്നതുമാകുന്നു.

(3) ഗ്രാമപഞ്ചായത്തിന് നിർണ്ണയിക്കപ്പെടാവുന്ന പരിമിതികൾക്കും നിയന്ത്രണത്തിനും വിധേയമായി, സർക്കാരിന്റെ അധീനതയിലുള്ള മറ്റേതെങ്കിലും പുറമ്പോക്കിന്റെ ഉപയോഗം, അതിലേക്ക് സർക്കാർ ഉത്തരവുമൂലം ഗ്രാമപഞ്ചായത്തിനെ അധികാരപ്പെടുത്തിയിട്ടുള്ളപക്ഷം, നിയന്ത്രിക്കുന്നതിനുകൂടി അധികാരമുണ്ടായിരിക്കുന്നതാണ്.

(4) ഗ്രാമപഞ്ചായത്തിന്, നിർണ്ണയിക്കപ്പെടാവുന്ന പരിമിതികൾക്കും നിയന്ത്രണത്തിനും വിധേയമായി, (1)-ാം ഉപവകുപ്പുപ്രകാരം ഏതു പുറമ്പോക്കിന്റെ ഉപയോഗമാണോ അത് നിയന്ത്രിക്കുന്നത്, ആ പുറമ്പോക്കിൽ വൃക്ഷങ്ങൾ വച്ചുപിടിപ്പിക്കാവുന്നതാണ്.

*** *** ***